## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 528 — 26.10.2016-ൽ മറുപടിക്ക്

## വനബന്ധു കല്യാൺ യോജന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. യു.ആർ. പ്രദീപ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് വനബന്ധു കല്യാൺ യോജന നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. പുതിയ പദ്ധതിയായി 2016-17 ൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. 2015-16 വർഷം മുതൽ 2019-20 വരെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി 3600.24 കോടി രൂപയുടെ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് (വിശദ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കേവലം 3 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ കുട്ടികളുടെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിന് വകുപ്പിന്റെ സ്കൂളുകളിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന് 1 കോടി രൂപ 18.11.2015 ലും, പ്രിയദർശിനി പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വഴി പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് 2 കോടി രൂപ 30.03.2016 ലും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 2016-17 വർഷം വനബന്ധു കല്യാൺ യോജന എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ബഡ്ജറ്റ് പ്രകാരം ഉള്ള പദ്ധതികൾ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| സി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) | പട്ടികവർഗ്ഗക്കാരെ മറ്റ് ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. |
| ഡി) | പദ്ധതിയിൽ പ്രതിപാദിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ഡി) | വിവരങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## Vanbandhu Kalyan Yojana
## Abstract of Proposed Outlay for Perspective Plan
## 2015-16 to 2019-20

| Sl No. | Components | Total Proposed Outlay ((Rs in Crore) |
|---|---|---|
| I | Qualitative and Sustainable Employment | 290.00 |
| II | Quality Education And Higher Education | 606.45 |
| III | Accelerated Economic Development Of Tribal Areas | 237.19 |
| IV | Improvement Of Health & Health Facilities | 85.00 |
| V | Housing For All | 700.00 |
| VI | Safe Drinking Water For All At Doorsteps | 128.50 |
| VII | Irrigation Facilities Suited to the Terrian | 200.00 |
| VIII | All Weather Roads With Connectivity To The Nearby Town/Cities | 500.00 |
| IX | Universal Availability Of Electricity | 200.00 |
| X | Urban Development | 37.50 |
| XI | Promotion of Sports in the Tribal Area | 100.00 |
| XII | Promotion And Preservation Of Tribal Culture And Heritage | 5.60 |
| XIII | Robust Institutional Mechanism To Roll The Vehicle Of Development With Sustainability | 510.00 |
| | GRAND TOTAL | 3600.24 |

## അനുബന്ധം-2

## വനബന്ധു കല്ല്യാൺ യോജന

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യമന്ത്രാലയം തുടങ്ങിയ പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന സർക്കാർ 2015 - 20 ലേക്കായി ഒരു ദീർഘ വീക്ഷണ പദ്ധതി കേന്ദ്ര സർക്കാരിന് ഇതിലേയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പ്രതിപാദിക്കുന്ന ഘടകങ്ങൾ താഴെ കൊടുക്കുന്നു.

- ഗുണനിലവാരമുള്ളതും സുസ്ഥിരവുമായ തൊഴിൽ
- ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകൽ
- പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക
- സമ്പൂർണ്ണ ആരോഗ്യം
- സമ്പൂർണ്ണ ഭവനം
- ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽക്കൽ ലഭ്യമാക്കുക
- സ്ഥലത്തിന് അനുയോജ്യമായ ജലസേചന സൗകര്യങ്ങൾ
- അടുത്തുള്ള ടൗൺ/ സിറ്റികളെയും ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലവസ്ഥയ്ക്കും അനുയോജ്യമായ റോഡ്.
- എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക
- നഗര വികസനം
- പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോൽസാഹിപ്പിക്കുക.
- പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണവും പ്രോൽസാഹനവും.

2016-17 വർഷത്തിൽ 1000.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഒപ്പ്)

22/10